# ജോർജ്ജിയൻ വോയ്സ്
# GEORGIAN VOICE

ലക്കം 4 ജൂൺ 2012 പുസ്തകം 6



യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

## സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
## കരിങ്ങാച്ചിറ

# 2012 – 2013 ഭരണസമിതി



**പ്രസിഡന്റ്:**
ഫാ. വർഗീസ് പുലയത്ത്



**വൈസ് പ്രസിഡന്റ്:**
ഫാ. റോയി പോൾ വെട്ടിക്കാട്ടിൽ



**വൈസ് പ്രസിഡന്റ്:**
ഫാ. ഷമ്മി ജോൺ



**ആത്മായ വൈസ് പ്രസിഡന്റ്:**
എം. വി. അബ്രഹാം



**കൈക്കാരന്മാർ**
എൻ. വി. പൗലോസ്



**കൈക്കാരന്മാർ/മാനേജർ**
ജോജി പീറ്റർ

## മാനേജിംഗ് കമ്മിറ്റി:

| | | |
|---|---|---|
| കരിങ്ങാച്ചിറ എ | : | എം. വി. അബ്രഹാം, കെ. എം. ഏലിയാസ് എം. വി. വർഗീസ് |
| കരിങ്ങാച്ചിറ ബി | : | ഷെവ. സി. എ. വർഗീസ്, റോയി കെ. പോൾ |
| തിരുവാങ്കുളം എ | : | കുര്യാക്കോസ് കെ. പി., ജിജോ കെ. മാത്യു |
| തിരുവാങ്കുളം ബി | : | പി. പി. തങ്കച്ചൻ, ജോസ് പി. മാത്യു |
| തിരുവാങ്കുളം സി | : | എം. പി. പോൾ, മനു മാത്യു |
| ഇരുമ്പനം | : | എം. പി. മാത്യു, ജോബ് ടി. വർഗീസ് ജിമ്മി കാവര |
| ചിത്രപ്പുഴ | : | ഐ. കെ. തോമസ്, സെജു പോൾ, രജ്ജി പോൾ |
| കുരീക്കാട്, ചോറ്റാനിക്കര | : | ഷെവ. കെ. വി. പൈലി ഷെവ. എൻ. വി. ബേബി, ഹണി ജോൺ |
| മുരിയമംഗലം | : | ടി. പി. കുര്യാക്കോസ് |
| മറ്റക്കുഴി, വെൺമണി | : | ബിജു ടി. എം., ജിജി പോൾ |
| കക്കാട് | : | എം. ജി. ജോയി, പി. വി. ജോസ് |
| അടൂർ | : | എം. പി. യോഹന്നാൻ, എൻ. കെ. വർഗീസ് |
| കുഴിക്കാട്, വേളൂർ, പുറ്റുമാനൂർ | : | പി. വി. പാപ്പച്ചൻ, വി. പി. ബിനു |

## വിവിധ കമ്മിറ്റികൾ

| | | |
|---|---|---|
| മേമ്പൂട്ടുകാർ | : | ഷെവ. സി. എം. കുരിയൻ, അനിൽ സി. പീറ്റർ |
| ചാരിറ്റി സെക്രട്ടറി | : | ബാബു വർഗീസ് |
| തബീഥ സെക്രട്ടറി | : | സി. വി. തമ്പി |
| കുരീക്കാട് ചാപ്പൽ സെക്രട്ടറി | : | ഷെവ. കെ. വി. പൈലി |
| സ്കൂൾ ബോർഡ് | : | ചെയർമാൻ, മാനേജർ, ട്രസ്റ്റി എന്നിവർക്ക് പുറമെ പി. പി. തങ്കച്ചൻ, രാജു മത്തായി, സി. പി. ബാബു, ഷൈജു പി. കെ. |
| പൊതുയോഗ ഓഡിറ്റേഴ്സ് | : | ബാബു വർഗീസ്, ഐ. കെ. ജോർജ്ജ് അനിൽ സി. പീറ്റർ |
| ലൈബ്രറി, ചാരിറ്റി | : | പി. പി. രാജു |
| തബീഥ സെന്റർ ഓഡിറ്റർ | : | പി. വി. ബാബു |
| ലൈബ്രറി സെക്രട്ടറി | : | രജ്ജി പോൾ |
| ആശുപത്രിസെക്രട്ടറി | : | ഷെവ. കെ. വി. പൈലി |
| ഭദ്രാസനപ്രതിനിധികൾ | : | ഷെവ. സി. എ. വർഗീസ്,, ഷെവ. എൻ. വി. ബേബി, പി. വി. ബാബു, ഷെവ. കെ. വി. പൈലി, വിജു കെ. അവരാച്ചൻ, ജിജി പോൾ, കെ. വി. പൗലോസ്, ജോബ് ടി. വർഗീസ്, എം. വി. വർഗീസ് |
| വൈദീക സെമിനാരി | : | പി. പി. തങ്കച്ചൻ, ഷെവ. സി. എ. വർഗീസ്, ഷെവ. കെ. വി. പൈലി, സി. പി. ബാബു, അനിൽ സി. പീറ്റർ, ജീവൻ മാലായിൽ, കെ. വി. പൗലോസ് |
| അന്ത്യോഖ്യാ സെക്രട്ടറി | : | ജീവൻ മാലായിൽ |
| ഗായകസംഘം ലീഡർ | : | ഫാ. റോയി പോൾ |
| ഗായകസംഘം അസിസ്റ്റന്റ് ലീഡർ | : | ജയ്ജു പി. ജോസ് |
| ഇലക്ട്രിക്കൽ ഉപദേശക സമിതി : | : | എം. വി. വർഗീസ്, വിജു കെ. അവരാച്ചൻ |



# ജോർജ്ജിയൻ വോയ്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമെൻ*

**റവ.ഫാ. റോയ്പോൾ**

**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**

**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*

**രൻജി പോൾ**

**യൽദോ ജോർജ്ജ്**

**മാത്യു പോൾ**

## ജൂൺ 2012

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- “നമ്മുടെ കാവൽക്കാരൻ മോർ ഗീവർഗീസ് സഹദ”
- ക്രൂശിലെ സ്നേഹം
- നിങ്ങൾക്കറിയാമോ?
- മോനേ വല്ലാതെ തണുക്കുന്നല്ലോടാ...!
- വാർത്തകൾ
- വിജ്ഞാനകൗതുകം
- ഇടവക കലണ്ടർ


ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ – 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in



## എഡിറ്റോറിയൽ

# പള്ളിക്കൂടത്തിലേക്ക് വീണ്ടും...

ജൂൺ മാസം ആഗതമായിരിക്കുന്നു. പുത്തനുടുപ്പും, പുത്തൻ ബാഗുമായി സ്കൂളിന്റെ പടി കയറുന്ന കുട്ടികൾക്ക് മുന്നിൽ വിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറക്കുകയാണ്. ആറു മുതൽ 14 വരെ വയസ്സുള്ള കുട്ടികളുടെ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുന്ന ഭരണ ഭേദഗതിയാണ് വിദ്യാഭ്യാസ അവകാശ നിയമം. വിദ്യാഭ്യാസ സൗജന്യം നടപ്പിലാക്കിയാലെ ബില്ലിന്റെ പൂർത്തീകരണമാകുന്നുള്ളൂ. അംഗവൈകല്യമുള്ള കുട്ടികൾക്ക് വീട്ടിൽ തന്നെ വിദ്യാഭ്യാസം കൊടുക്കുവാനുള്ള ഭേദഗതിയും പാസ്സാക്കിയിട്ടുണ്ട്. കുട്ടികളുടെ കൂടിക്കലരൽ കൂടിയാണ് വിദ്യാഭ്യാസം. അത് ശാരീരികവും, മാനസികവും, സാമ്പത്തികവും മതപരവുമായ വർഗ്ഗങ്ങളുടെ കൂടിച്ചേരൽ കൂടിയാണ്. അവകാശനിയമത്തിന്റെ കാതൽ ഈ കൂടിച്ചേരലാണ്. പുതിയ പുസ്തകത്താളുകളിലെ പാഠങ്ങൾക്കപ്പുറത്തേക്ക് നമ്മുടെ വിദ്യാഭ്യാസം പരിഷ്കരിക്കേണ്ടിയിരിക്കുന്നു. കേവലം യാന്ത്രികമായി തീരാതെ സ്കൂളുകളിൽ പരസ്പരം സ്നേഹത്തിന്റേയും പങ്ക് വയ്ക്കലിന്റേയും പാഠങ്ങൾ പഠിപ്പിക്കുക. ഇനി കുട്ടികൾ അതിൽ മുതിർന്നവർക്ക് മാതൃകയാകേണ്ടിയിരിക്കുന്നു.

ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ ഉപയോഗം കുട്ടികളിൽ സ്വാധീനം ചെലുത്തുമ്പോൾ അവയുടെ ദൂഷ്യഫലങ്ങൾ കുട്ടികളെ ബോദ്ധ്യപ്പെടുത്തുവാൻ അധ്യാപകർക്ക് ബാധ്യതയുണ്ട്. അധ്യാപകർക്കുള്ള ഒരു വെല്ലുവിളിയും കൂടിയാണത്. ഈ സിലബസ്സുകളൊന്നും പാഠപുസ്തകങ്ങളിലില്ല. ഇവിടെയെല്ലാമാണ് അധ്യാപകൻ തിളങ്ങേണ്ടത്. കുട്ടികളുടെ വ്യക്തിത്വ വികസനത്തിൽ അധ്യാപകർക്കുള്ള പങ്ക് തള്ളിക്കളയാനാകില്ല.

അകാരങ്ങളുടെ മടിത്തട്ടിലേയ്ക്ക് വരുന്ന കുരുന്നുകൾക്ക് നന്മയുടെ ദീപം തെളിയിക്കാൻ ഉത്തമ അധ്യാപകർ ഉണ്ടാകണം. പഠിപ്പിക്കൽ യാന്ത്രികമാകാതെ മനുഷ്യനന്മകളെക്കുറിച്ചുള്ള ബോധം കുട്ടികൾക്ക് നൽകണം. അകാരങ്ങളുടെ മധുരം നുകരാൻ പോകുന്ന എല്ലാ കുരുന്നുകൾക്കും മാതൃകാവർത്തിയായ അധ്യാപകർക്കും ജോർജ്ജിയൻ വോയ്സിന്റെ ആശംസകൾ.

# പ്രശോഭിക്കുന്ന സ്ത്രീ

ഫാ. വർഗീസ് പുലയത്ത്



ദൈവീക പദ്ധതിയിൽ സ്ത്രീക്കുള്ള സ്ഥാനം അദ്വിതീയമാണ്. ആദിയിൽ ദൈവം സൃഷ്ടികർമ്മം നിർവ്വഹിച്ചപ്പോൾ തന്റെ സ്വരൂപത്തിൽ പുരുഷ നേയും അവനിൽ നിന്ന് സ്ത്രിയേയും സൃഷ്ടിച്ചു. ക്രിസ്തുവിൽ സ്ത്രീക്കും പുരുഷനും തുല്യസ്ഥാന മാണ് നൽകപ്പെട്ടത്. പുരുഷനെസൃഷ്ടിച്ച അതേ ദൈവം തന്നെയാണ് സ്ത്രിയേയും സൃഷ്ടിച്ചത്. എന്നതിനാൽ രണ്ടുപേരിൽ നിന്നും ദൈവം ഉദ്ദേശി ക്കുന്ന കാര്യങ്ങൾ നിറവേറ്റപ്പെടേണ്ടതാണ്. അവർ ഒരുമിച്ചുചേരുമ്പോഴാണ് പൂർണ്ണരാകുന്നത്. പുരുഷ ന്റെ പൂർണ്ണതയാണ് സ്ത്രീയിലൂടെ ദൈവം കണ്ടതും.

സാമൂഹ്യ, ആത്മീയ മണ്ഡലങ്ങളിൽ എന്ന പോലെ ഭൗതീകതയിലും പുരുഷനൊപ്പമോ ഒരുപിടി മുന്നിലോ ആണ് 21-ാം നൂറ്റാണ്ടിലെ സ്ത്രീ എന്നത് അവിതർക്കിതമാണ്. ബൈബിളിലെ പ്രശോഭിതരായ സ്ത്രീകളുടെ ജീവിതം പരിശോധിച്ച് അവർ ദൈവീക പദ്ധതിക്ക് എപ്രകാരം പങ്കുകാരായി എന്ന് കണ്ടെത്തുന്ന ഒരു ലേഖനപരമ്പര എഴുതുവാൻ ശ്രമി ക്കുകയാണ് എന്റെ ലക്ഷ്യം.

ഉയർത്തെഴുന്നേറ്റ കർത്താവിന്റെ പ്രഥമ സാക്ഷിയാകാൻ ഭാഗ്യം ലഭിച്ച മറിയയും ദൈവപു ത്രനു മാതാവായ കന്യകമറിയാമും, സ്വപിതാവിന്റെ ദൈവസന്നിധിയിലുള്ള നേർച്ച നിറവേറ്റുവാൻ മര ണത്തെ വരിച്ച യിപ്താഹിന്റെ മകളും ഏലീശ ദീർഘ ദർശിയുടെ ശിഷ്യന്റെ ഭാര്യയും നാബാലിന്റെ ഭാര്യ അബിഗയിലും തുടങ്ങി ആ സ്ത്രീ രത്നങ്ങളുടെ പട്ടിക സുദീർഘമാണ്.

ഭാര്യയായും അമ്മയായും സഹോദരിയായും മകളായും ഒരു ജീവിതത്തിൽ മാറുന്ന സ്ത്രീയുടെ വ്യത്യസ്ഥ ഭാവങ്ങൾ സൂക്ഷ്മ നിരീക്ഷണത്തിനും പഠനത്തിനും വിധേയമാകേണ്ടതാണ്. ഉത്തമ സ്ത്രീ എല്ലാ തലങ്ങളിലും ശോഭിക്കുന്നവളായിരിക്കും. അനുകരണീയമല്ലാത്ത ജീവിത മാതൃകകളുള്ള സ്ത്രീകളേയും ബൈബിളിൽ കണ്ടെത്താൻ കഴിയും. പുരു ഷന്റെ വിജയത്തിനു പിന്നിൽ എന്ന പോലെ തന്നെ പരാജ യത്തിനു പിന്നിലും സ്ത്രീ തന്നെയാണുള്ളത്. വ്യക്തിബന്ധങ്ങളും കുടുംബബ ന്ധങ്ങളും ശക്തമാകുന്നത് സ്ത്രീയിലൂടെയാണ്. ഒരു സ്ത്രീ മൂലം ഒരു ലോകമഹായുദ്ധത്തിനു പോലും കാരണമായി തീർന്നു എന്ന് ചരിത്രം പഠിപ്പിക്കുന്നു. കുടുംബം കെട്ടിപ്പടുക്കുവാനും സ്വൈര്യത നശിപ്പി ക്കുവാനും സ്ത്രീക്കു സാധിക്കും (സദൃശ്യ: 14:1). ഉല്പത്തി 2:18-23 വരെയുള്ള വേദഭാഗത്ത് ഏകനാ യി, വിഷണ്ണനായി, സന്തോഷമില്ലാത്തവനായി ഇരി ക്കുന്ന ആദാമിന്റെ മുന്നിലേക്ക് സർവ്വ ജന്തുജാലങ്ങ ളേയും ദൈവം കൂട്ടി വരുന്നു. ആദാം ഓരോന്നി നേയും സൂക്ഷിച്ചുനോക്കി അവർക്കു പേരിടുന്നു. പക്ഷേ അവയ്ക്കൊന്നും ആദാമിന്റെ മനസ്സിനെ സന്തോഷിപ്പിക്കുവാനാകുന്നില്ല എന്ന് ദൈവം കണ്ടു. ആയതിനാൽ അവന് യോജ്യമായ ഒരു സൃഷ്ടി നട ത്തുവാൻ ദൈവം തീരുമാനിച്ചു. ആദാമിന് ഒരു നിദ്ര വരുത്തി - ആദ്യത്തെ അനസ്ത്യേഷ്യ-, അവന്റെ ഒരു വാരിയെല്ലെടുത്ത് - ആദ്യത്തെ ശസ്ത്രക്രിയ - ഹവ്വയെ സൃഷ്ടിച്ചു. നിദ്രയിൽ നിന്നും ഉണർന്ന ആദം തന്റെ മുന്നിൽ നിൽക്കുന്ന വ്യക്തിയെ കണ്ടു. തിരിച്ചറിഞ്ഞ മനസ്സുതുറന്നു സന്തോഷിച്ചു അവളെ ദൈവം അവന് തുണയായി നൽകി. ആദ്യത്തെ വിവാഹം ദൈവം ആശീർവദിച്ചു. അവരിലൂടെ അവർ മുഖാന്തിരം ദൈവം സൃഷ്ടികർമ്മം തുടർന്നു. സ്ത്രീയുടെ തലപുരുഷൻ പുരുഷന്റെ തല ക്രിസ്തു എന്നു പൗലോസ് ശ്ലീഹായും പറഞ്ഞിരിക്കുന്നു. കുടുംബവ്യവസ്ഥിതിയിൽ പുരുഷനും സ്ത്രീയും തുല്യ പങ്കാളികളാണ്. (തുടരും...)



# റാഗിംഗ്: ക്രൂരവും മാരകവുമായ സാമൂഹ്യവിപത്ത്

അഡ്വ.ചാർളിപോൾ M.A.,LL.B, D.S.S.

അനുദിനപത്രവാർത്തകളിൽ റാഗിംഗിന്റെ പേരിലുള്ള ക്രൂരതകളുടെ കഥകളാണ് വായിക്കേണ്ടി വരുന്നത്. ജാമ്യം ലഭിക്കാത്ത കുറ്റകൃത്യമായിട്ടുപോലും റാഗിംഗ് വീണ്ടും ആവർത്തിക്കപ്പെടുകയാണ്. മൃഗത്തോടുപോലും കാണിക്കരുതാത്ത ക്രൂരതയാണ് മനുഷ്യൻ മനുഷ്യനോട് ചെയ്യുന്നത്. റാഗിംഗ് എന്ന കിരാതത്വം നമ്മുടെ ക്യാമ്പസുകളെ ശവപ്പറമ്പുകളാക്കി മാറ്റുകയാണ്. 2007 ജൂലൈ മുതൽ 2011 ജൂൺ വരെ രാജ്യത്ത് റാഗിംഗുമായി ബന്ധപ്പെട്ട് 75 മരണങ്ങളും 36 ആത്മഹത്യാശ്രമങ്ങളും നടന്നു. റാഗിങ്ങിന്റെ പേരിൽ നിരവധി പേർ മനോരോഗികളായി. പലരും പഠനം ഉപേക്ഷിച്ചു. ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ് റാഗിംഗിന്റെ പേരിൽ നടക്കുന്നത്.

കോളേജിൽ പുതുതായി എത്തുന്ന വിദ്യാർത്ഥികളുടെ സങ്കോചമകറ്റുന്നതിനുള്ള സീനിയർ വിദ്യാർത്ഥികളുടെ തമാശകലർന്ന നമ്പറുകളാണ് പിന്നീട് മൃഗീയവും ആഭാസകരവുമായ റാഗിംഗ് എന്ന കാടത്തമായി മാറിയത്. മാന്യതയുടെയും കലാലയ അച്ചടക്കത്തിന്റെയും സകല സീമകളും ലംഘിച്ച് റാഗിംഗ് ക്യാമ്പസുകളുടെ ശാപമായി മാറിയിട്ടുണ്ട്. മദ്യവും മയക്കുമരുന്നുകളും ഈ ക്രൂരതയുടെ ആക്കം വർദ്ധിപ്പിച്ചു.

ഭരണകൂടവും രാജ്യത്തെ നിയമവ്യവസ്ഥയും റാഗിംഗിനെതിരെ അതിശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. റാഗിംഗിനെകർശനമായി വിലക്കികൊണ്ടുള്ള അതി ശക്തമായ നിയമവ്യവസ്ഥകൾ നിലവിലുണ്ട്. റാഗിംഗിന് മുതിർന്നാൽ ഭാവി അപകടത്തിലാകും. കുറ്റം തെളിഞ്ഞാൽ ജയിലിൽ പോകേണ്ടിവരും, തീർച്ച.

റാഗിംഗ് ആരും നിശബ്ദമായി സഹിക്കേണ്ടതില്ല. റാഗിംഗ് നടന്നാൽ ഉടൻ പ്രതികരിക്കുക. റാഗിംഗിനെതിരായ നിയമ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക. റാഗിംഗിന് മൗനാനുവാദം നല്കിയാൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരികളും ജയിലിൽ പോകേണ്ടിവരും. റാഗിംഗ് നടത്തിയവർ പലരും ശിക്ഷിക്കപ്പെട്ട് ജയിലിലാണ്. സ്ഥാപനഅധികൃതർ ശിക്ഷാ നടപടികൾ നേരിടുകയാണ്.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംന് നിരോധിച്ചുകൊണ്ട് 1997 ഒക്ടോബർ 23-ന് നിയമം നിലവിൽ വന്നിട്ടുണ്ട്, Kerala Prohibition of Ragging ordinance, 1997 എന്ന പേരിൽ ആദ്യം ഓർഡിനൻസായിട്ടാണ് നിയമം കൊണ്ടുവന്നത്. പിന്നീട് കേരള നിയമസഭ “The Kerala Prohibition of Ragging Act, 1998” എന്ന പേരിൽ അത് നിയമമായി അംഗീകരിച്ച് നടപ്പിലാക്കി. കേരളം മുഴുവൻ ഈ നിയമത്തിന്റെ പരിധിയിൽ വരും. റാഗിംഗ് ഏത് രൂപത്തിലും കുറ്റകരവും ശിക്ഷാർഹവുമാണ്. ജാമ്യം ലഭിക്കാത്ത കുറ്റമാണ് റാഗിംഗ്.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ശാരീരികമായോ മാനസികമായോ ഉപദ്രവം ഉണ്ടാകുകയോ, ആ വിദ്യാർത്ഥിയിൽ ഭീതിയോ ജാള്യതയോ വേവലാതിയോ നാണക്കേടോ ഉണ്ടാക്കുന്ന രീതിയൽ പെരുമാറുകയോ ചെയ്താൽ അത് റാഗിംഗാണ്. ഒരു വിദ്യാർത്ഥിയെ കളിയാക്കുക, ആക്ഷേപിക്കുക, അയാളെ പരിഹാസ പാത്രമാക്കുന്ന രീതിയിൽ തമാശകൾ കാണിക്കുക, സാധാരണ ഗതിയിൽ ചെയ്യാത്ത കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുക എന്നിവയും റാഗിംഗിന്റെ നിർവ്വചനത്തിൽപ്പെടും. റാഗിംഗ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അകത്തോ, പുറത്തോ എവിടെ വച്ച് നടന്നാലും കുറ്റകരമാണ്.

യു.ജി.സി (സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷൻ) റാഗിംഗിനെപുനർനിർവ്വചിച്ചിട്ടുണ്ട്. “തുടക്കക്കാരനോ അല്ലാത്തതോ ആയ ഏത് വിദ്യാർത്ഥിയോടും വാക്കുകൊണ്ടോ, എഴുത്തുകൊണ്ടോ, പ്രവൃത്തി കൊണ്ടോ ഉള്ള മോശമായ ഇടപെടൽ” എന്നാണ് യു.ജി.സി റാഗിംഗിനെനിർവ്വചിച്ചിട്ടുള്ളത്.

ശാരീരികവും മാനസികവും വൈകാരികവുമായ എല്ലാത്തരം പീഡനങ്ങളും റാഗിംഗാണ്. വിദ്യാർത്ഥികൾ തങ്ങളുടെ അക്കാദമിക് ജോലികൾ മറ്റ് വിദ്യാർത്ഥികളെ കൊണ്ട് നിർബന്ധിച്ച് ചെയ്യിക്കുക, സാമ്പത്തികമായി ചൂഷണം ചെയ്യുക. ലൈംഗികമായി ചൂഷണം ചെയ്യുക. സ്വവർഗ്ഗരതിക്ക് പ്രേരിപ്പിക്കുക. ഇ-മെയിലിലൂടെയോ പോസ്റ്റ് വഴിയോ അസഭ്യ പ്രയോഗം നടത്തുക, നഗ്നനാക്കുക, മറ്റ് തരംതാണ പ്രവർത്തികൾ, ആംഗ്യങ്ങൾ എന്നിവയെല്ലാം റാഗിംഗിന്റെ പരിധിയിൽപ്പെടും.

തുടരും....

# ലിബിയ

**ബേബി ജോർജ്ജ്, ചക്രവേലിൽ**

ഇറ്റലിയിലെ ജനങ്ങളെ നിരന്തരമായി ഒരു ഘോരസർപ്പം ഭയവിഹ്വലരാക്കി, അവിടെയുള്ള, ഒരു മാളത്തിൽ കുടികൊണ്ടിരുന്നു. ഓരോ ദിവസവും ആ പട്ടണം ചുറ്റി, ഓരോ മനുഷ്യനെവീതം പതിവായി പിടികൂടി തിന്നുവന്നു. സർപ്പത്തിന്റെ ശല്യം സഹിക്കാതായപ്പോൾ രാജാവും പ്രജകളും കൂടി ആലോചിച്ച് ഒരു തീരുമാനമെടുത്തു. സർപ്പം പട്ടണത്തിൽ വന്ന് ഇരതേടേണ്ടന്നും, മുടങ്ങാതെ ഓരോ ദിവസവും ഇരയെ സർപ്പത്തിന്റെ മാളത്തിനരികിൽ എത്തിക്കാമെന്നും, അതുകൊണ്ട് സർപ്പം തൃപ്തിപ്പെടണമെന്നും. ഈ രീതി തുടർന്നുകൊണ്ടിരുന്നു.

ഒരു ദിവസം അന്നത്തെ ഇരക്കുള്ള നറുക്ക് വീണത് രാജാവിന്റെ മകൾ ലിബിയക്കായിരുന്നു. രാജാവും കുടുംബാംഗങ്ങളും അതീവ ദുഃഖിതരായി. പക്ഷേ രാജകല്പനഅതേപടി നടപ്പാക്കണമെന്ന് ജനങ്ങൾ മുറവിളി കൂട്ടി. രാജാവിന് അത് നടപ്പാക്കേണ്ടിവന്നു.

രാജാവും കുടുംബാംഗങ്ങളും മകളെയും കൊണ്ട് കണ്ണുനീരിൽ കുതിർന്ന മുഖങ്ങളുമായി, മാളത്തിന്റെ അരികിൽ നിർദ്ദിഷ്ടസ്ഥാനത്ത് എത്തി. സർപ്പം മാളത്തിൽ നിന്നും ഇരയെ ലക്ഷ്യമാക്കി പുറപ്പെട്ടു. ലിബിയ മുട്ടിന്മേൽ നിന്ന് ദൈവത്തോട് പ്രാർത്ഥിക്കാൻ തുടങ്ങി. എല്ലാവരും ആകാംക്ഷാഭരിതമായി നോക്കി നില്ക്കുകയാണ്.

അതാ ആ സമയത്ത് ഒരു യുവപടയാളി കുതിരപ്പുറത്ത് മിന്നൽപിണർ വേഗത്തിൽ പാഞ്ഞ് വന്ന് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. രാജകുമാരിയുടെ അടുത്ത് സർപ്പം എത്തിച്ചേരുന്നതിന് അല്പം മുൻപായി കയ്യിലുണ്ടായിരുന്ന കുന്തം കൊണ്ട് ആ സർപ്പത്തെ കുത്തിമലർത്തി. ആ കുട്ടിയെ രക്ഷപ്പെടുത്തി. രാജാവും പ്രജകളും അതീവ സന്തുഷ്ടനായി. വി. ഗീവർഗീസ് സഹദാ തന്റെ ക്രിസ്തീയ ദൗത്യം പൂർത്തീകരിച്ചതിൽ അതീവ സന്തുഷ്ടനായി.

രാജാവ് സഹദായോട് ആരാണെന്നും മറ്റുമുള്ള വിശേഷങ്ങൾ തിരക്കി. സന്തുഷ്ടനായ രാജാവ് സഹദായെ പലവിധ സമ്മാനങ്ങൾ കൊടുത്ത് ആദരിച്ചു. ഇതിനെല്ലാം ഉപരിയായി ചക്രവർത്തിയും കുടുംബാംഗങ്ങളും ഏതാനും പ്രജകളും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു.

വിശ്വാസവും ധീരതയും വഴി സർപ്പമാകുന്ന സാത്താനെപരാജയപ്പെടുത്തി. പുണ്യാത്മാക്കൾ നമുക്ക് വഴികാട്ടികളും മാതൃകകളുമാണ്.

## MATRIMONIAL

26 yrs F, USA, MBBS, MD
Ht. 5.1 Jacobite seeks alliance from well qualified Boys, Preferably engineers settled USA
Contact : 9895428051
Coming to India for Two weeks from 26th May 2012

**9-ാം ചരമവാർഷികം (09.06.2010)**



**രാജേഷ് - മേഴ്സി**
പനച്ചിയിൽ, തിരുവാങ്കുളം

സ്നേഹസ്മരണകളോടെ: യൂത്ത് അസോസിയേഷൻ പ്രവർത്തകർ

# നമ്മുടെ കാവൽ പിതാവ് മോർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു

ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രമായ നമ്മുടെ കത്തിഡ്രലിൽ ചരിത്ര പ്രസിദ്ധമായ കരിങ്ങാച്ചിറ മുത്തപ്പന്റെ ഓർമ്മപ്പെരുന്നാൾ മെയ് 5, 6, 7 തീയതികളിൽ ആഘോഷിച്ചു. ഈ വർഷം പുതുതായി പണി കഴിച്ച പടിഞ്ഞാറുവശത്തും കിഴക്കുവശത്തും ഉള്ള കൽകുരിശുകൾ ആശീർവദിച്ചു. ഈ വർഷത്തെ പെരുന്നാളിന്റെ പുതുമയായിരുന്നു മെയ് 5-ാം തീയതി ശനിയാഴ്ച രാവിലെ വി. കുർബ്ബാനയ്ക്ക് ശേഷം ആയിരങ്ങളുടെ മദ്ധ്യസ്ഥതയിൽ നമ്മുടെ ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി കൊടി ഉയർത്തി. തുടർന്ന് പുതുതായി പണി കഴിച്ച കൽകുരിശുകൾ ഇടവക മെത്രാപ്പോലീത്തായാൽ ആശീർവ്വദിക്കപ്പെട്ടു.

വൈകിട്ട് സന്ധ്യാനമസ്കാരത്തിനു ശേഷം നമ്മുടെ സൺഡേസ്കൂളിന്റെ വാർഷികം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.

മെയ് 6-ാം തീയതി രാവിലെ 6.15 ന് പ്രഭാത നമസ്കാരവും 6.45 ന് വി.കുർബ്ബാനയും നടന്നു. തുടർന്ന് അഭി. സഖറിയാസ് മോർ പോളികാർപ്പസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ രണ്ടാമത്തെ വി.കുർബ്ബാനനടന്നു. നേർച്ചസദ്യ ഒരുക്കങ്ങൾ ഞായറാഴ്ച രാവിലെ മുതൽ ആരംഭിച്ചു. എൽഡേഴ്സ് അസോസിയേഷൻ, വനിതാസമാജം, കുടുംബയൂണിറ്റുകൾ, വിവിധ ഇടവകയിൽ നിന്നും എത്തിയ വിശ്വാസികൾ കത്തീഡ്രലിൽ പൊതുയോഗത്തിൽ നിന്നും തെരഞ്ഞെടുത്ത വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ നേർച്ചസദ്യ ഒരുക്കങ്ങളിൽ സഹകരിച്ചു. വൈകിട്ട് 4 മണിക്ക് മേമ്പൂട്ടിൽ നിന്നും പള്ളിസാധനങ്ങൾ വാദ്യമേളങ്ങളുടെ അകമ്പടിയോടെ ആഘോഷമായി കത്തീഡ്രലിനകത്തേക്ക് കൊണ്ടു വന്നു. 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും തുടർന്ന് വടക്കേ ഇരുമ്പനം കുരിശ് പള്ളിയിലേക്ക് പ്രദക്ഷിണവും നടന്നു.

പ്രധാനപെരുന്നാൾ ദിനമായ മെയ് 7-ാം തീയതി തിങ്കളാഴ്ച രാവിലെ 6.30 ന് പ്രഭാത നമസ്കാരവും 7.00 ന് ബഹു. മിഖായേൽ റമ്പാന്റെ കാർമ്മികത്വത്തിൽ ഒന്നാമത്തെ വി.കുർബ്ബാനയും തുടർന്ന് സെമിത്തേരിയിൽ അനിദെയും നടന്നു. 9 മണിക്ക് നമ്മുടെ ഇടവക മെത്രാപ്പോലിത്താ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാനനടന്നു. അമ്മഞ്ചേരിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ പീറ്റർ ഇല്ലിമൂട്ടിൽ കോർ എപ്പിസ്കോപ്പ എന്നിവർ സഹകാർമ്മികരായി. തുടർന്ന് നേർച്ചസദ്യ അഭി. മെത്രാപ്പോലീത്ത ആശീർവദിച്ചു. ആയിരങ്ങൾ നേർച്ചസദ്യയിൽ പങ്കുചേർന്നു. വൈകിട്ട് സന്ധ്യാനമസ്കാരത്തിനു ശേഷം ഇരുമ്പനം പുതിയ റോഡ് കുരിശുപള്ളിയിലേക്ക് പ്രദക്ഷിണവും നടന്നു. തുടർന്ന് ആശീർവാദത്തോടെ പെരുന്നാൾ ചടങ്ങുകൾ സമാപിച്ചു. മന്ത്രി അനൂപ് ജേക്കബ്, മുൻസിപ്പൽ ചെയർമാൻ ആർ. വേണുഗോപാൽ എന്നിവർ പെരുന്നാൾ ചടങ്ങുകളിൽ സംബന്ധിക്കുവാൻ എത്തിയിരുന്നു.

പെരുന്നാൾ ചടങ്ങുകൾക്ക് ഫാ. ഷമ്മി ജോൺ എരമംഗലത്ത്, ഫാ. റോയി പോൾ വെട്ടിക്കാട്ടിൽ, ഫാ. വർഗീസ് പുലയത്ത്, ഫാ. വർക്കി തുർക്കട, ഫാ. ജേക്കബ്ബ് കുരുവിള, ഫാ. സെബുപോൾ, ഫാ. ജോണി തുരുത്തിയിൽ, ഫാ. ഷിബു ജോർജ്ജ് പുലയത്ത്, ഫാ. അനിൽ മുക്കനോട്ടിൽ, സി. പി. ബാബു, പി. പി. തങ്കച്ചൻ, ഷെവലിയാർ സി. എ. വർഗീസ്, പെരുന്നാൾ കൺവീനർ സെജു പോൾ എന്നിവർ നേതൃത്വം നൽകി.













# മുതിർന്ന തലമുറയുടെ സംഗമം നടന്നു

നമ്മുടെ കത്തീഡ്രലിൽ എല്ലാവർഷവും നടത്തിവരാറുള്ള മുതിർന്ന തലമുറയുടെ സംഗമം ഈ വർഷം മെയ് മാസം 19-ാം തീയതി ശനിയാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം നടന്നു. അഭി. ഐസക് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് ക്ലാസ്സ് എടുക്കുകയുണ്ടായി. വിവിധ കലാപരിപാടികളോടെ നടന്ന സംഗമം ഭംഗിയായി അവസാനിച്ചു.







# കൊയ്നോണിയ 2012

നമ്മുടെ കത്തീഡ്രലിൽ പ്രവർത്തിച്ചുവരുന്ന മോർ കൂറിലോസ്, മോർ കുര്യാക്കോസ്, സെന്റ് ജോൺസ്, സെന്റ് പീറ്റേഴ്സ്, ഇസ്രായേൽ എന്നി അഞ്ച് കുടുംബയൂണിറ്റുകളുടെ സംയുക്ത സമ്മേളനം - കൊയ്നോണിയ 2012 മെയ് 12 ശനിയാഴ്ച നമ്മുടെ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. ആറ് മാസത്തിലൊരിക്കൽ ഒരു കോഡിനേറ്ററുടെ കീഴിലുള്ള യൂണിറ്റുകൾ ഒരുമിച്ച് ചേരണം എന്ന നമ്മുടെ കുടുംബയൂണിറ്റ് നിയമാവലിയുടെ അടിസ്ഥാനത്തിലാണ് ഈ സമ്മേളനം സംഘടിപ്പിയ്ക്കപ്പെട്ടത്. ഈ അഞ്ച് കുടുംബയൂണിറ്റുകളിലെ മുഴുവൻ കുടുംബങ്ങളും കുടുംബാംഗങ്ങളും ഒത്തുചേർന്ന് സൗഹൃദത്തിലും സാഹോദര്യത്തിലും ഒത്തൊരുമയോടെ ജീവിക്കുന്ന അവസ്ഥയാണ് ഇതുമൂലം നാം ലക്ഷ്യമിടുന്നത്. പരസ്പരം സഹകരിച്ചും സഹായിച്ചും മുട്ടുള്ളവർക്ക് ഒരു കൈത്താങ്ങൽ നൽകിയും ജീവിയ്ക്കുവാൻ നാം പരിശീലിയ്ക്കുക വഴി മഹത്തായ ഒരു ക്രൈസ്തവ ദൗത്യം നിറവേറ്റപ്പെടുകയാണ്.

















ബഹുമാനപ്പെട്ട ഷമ്മി ജോൺ അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട കൈക്കാരന്മാർ, ആത്മായ വൈസ് പ്രസിഡന്റ്, ചീഫ് കോ-ഓർഡിനേറ്റർ, അഞ്ചു യൂണിറ്റിലേയും സെക്രട്ടറിമാർ എന്നിവർ ആശംസകൾ നേർന്നു. എല്ലാ യൂണിറ്റുകളിലേയും അംഗങ്ങൾ ചേർന്ന് അവതരിപ്പിച്ച കഥാപ്രസംഗം, ഡാൻസ്, സമൂഹഗാനം, വഴിയോരകാഴ്ചകൾ, കുടുംബസംവാദം, സ്കിറ്റ് എന്നിവ മികച്ച നിലവാരം പുലർത്തി. 104 പേർ വിവിധ പരിപാടികൾ അവതരിപ്പിച്ചു. സമ്മേളനാനന്തരം എല്ലാവർക്കും ഭക്ഷണം നൽകുകയുണ്ടായി. അഞ്ഞൂറിലധികം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

# യൂത്ത് അസോസിയേഷൻ വൃക്ഷതൈകൾ നട്ടു.

കരിങ്ങാച്ചിറ: ജോർജ്ജീയൻ തീർത്ഥാടന കേന്ദ്രമായ കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രൽ യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം പ്രസിഡന്റ് ഫാ. വർഗീസ് പുലയത്ത് നിർവ്വഹിച്ചു. ചടങ്ങിൽ ഫാ. ഷമ്മി ജോൺ എരമംഗലത്ത്, ആത്മായ വൈസ് പ്രസിഡന്റ് എം. വി.അബ്രാഹം, ട്രസ്റ്റിമാരായ ജോജി പീറ്റർ, എൻ.വി. പൗലോസ്, സെക്രട്ടറി ബൈജു മാത്താറ എന്നിവർ സംബന്ധിച്ചു.



## സെ.ജോർജ്ജ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു



കരിങ്ങാച്ചിറ സെ.ജോർജ്ജ് മെഡിക്കൽ മിഷൻ ആശുപത്രി മെഡിക്കൽ ക്യാമ്പിൽ തിരഞ്ഞെടുത്തവർക്ക് അഭി. സഖറിയാസ് മോർ പോളികാർപ്പോസ് തിരുമേനി കണ്ണട നൽകുന്നു. ഷെവ. കെ. വി. പൈലി(സെക്രട്ടറി) സമീപം.




സൗജന്യ മെഡിക്കൽ ക്യാമ്പ് റവ. ഫാ. ഷമ്മി ജോൺ (പ്രസിഡന്റ്) ഉദ്ഘാടനം ചെയ്യുന്നു. ട്രസ്റ്റി ഷെവ. സി. എ. വർഗീസ്, പി. പി. തങ്കച്ചൻ, റവ. ഫാ. വർഗീസ് പുലയത്ത്, ഷെവ. കെ. വി. പൈലി (ഹോസ്പിറ്റൽ സെക്രട്ടറി) എന്നിവർ സമീപം.

## വാർത്തകൾ

# ഒന്നാം റാങ്ക് നേടി

കേരള യൂണിവേഴ്സിറ്റി എംടെക് സിവിൽ (എൻവയൺമെന്റൽ) എൻജിനീയറിംഗ് പരീക്ഷയിൽ നമ്മുടെ കത്തീഡ്രലിൽ ഇടവകാംഗമായ ആശ സി. രാജുവിന് ലഭിച്ചു. ചെറുവുള്ളിൽ സി.വി. രാജുവിന്റെയും പരേതനായ മേരിയുടെയും മകളാണ്. പരി. കത്തീഡ്രലിന്റെയും ജോർജ്ജിയൻ വോയ്സിന്റെയും അഭിനന്ദനങ്ങൾ.

## പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ



കരിങ്ങാച്ചിറ കത്തീഡ്രലിൽ പ.പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ 2012 ജൂൺ 29-ാം തീയതി നടത്തപ്പെടുന്നു. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് പ്രാർത്ഥിച്ച് ദൈവീകാനുഗ്രഹം പ്രാപിക്കുവാൻ കർതൃനാമത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.

## ജന്മദിനം



**ഏഞ്ചൽ സാറാ എബി**
**24.06.2007**

## കരിങ്ങാച്ചിറ കത്തീഡ്രലിൽ തോമാശ്ലീഹായുടെ ഓർമ്മ


ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രമായ കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ മാർ തോമാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ജൂലൈ 3 ന് ആഘോഷിക്കും. അന്നേ ദിവസം രാവിലെ 7.30 ന് പ്രഭാതപ്രാർത്ഥന, 8.00 ന് വി. കുർബ്ബാന, തുടർന്ന് പ്രദക്ഷിണം എന്നിവ നടക്കുന്നതാണ്.

# എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു

കരിങ്ങാച്ചിറ കത്തീഡ്രൽ തിരുവാങ്കുളം ബെത്സെയ്ദാ കുടുംബയൂണിറ്റ് അംഗങ്ങളായ ബേസിൽ സി. ഐ., നാൻസി ആൻ പോൾ എന്നിവർ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് നേടി ഉന്നത വിജയം കരസ്ഥമാക്കി. ഇരുവരും തിരുവാങ്കുളം ജോർജ്ജിയൻ അക്കാദമി ഹൈസ്കൂളിലെ വിദ്യാർത്ഥികളാണ്. കരിങ്ങാച്ചിറ കത്തീഡ്രൽ ബെത്സെയ്ദ കുടുംബ യൂണിറ്റിന്റെ അഭിനന്ദനങ്ങൾ



**ബേസിൽ സി. ഐ.**
S/o. ശ്രീ. എൽദോ
& ശ്രീമതി. മിനി എൽദോ
ചീരൻ വീട്ടിൽ, തിരുവാങ്കുളം




**നാൻസി ആൻ പോൾ**
D/o. ശ്രീ. പീറ്റർ അജിറ്റ് പോൾ
& ശ്രീമതി സാലി പോൾ
ഓണശ്ശേരിൽ, തിരുവാങ്കുളം

## ഇടവക കലണ്ടർ (ജൂലൈ 2012)

(കുടുംബ യൂണിറ്റ്)

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | **2**<br>• സെന്റ് മേരീസ് | **3**<br>• മാർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | **4** | **5**<br>• ബൈബിൾ ക്ലാസ്സ് | **6** | **7**<br>• ധ്യാനയോഗം<br>• 10 മുതൽ 12:30 |
| **8**<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | **9** | **10**<br>• ഇസ്രായേൽ | **11**<br>• മാർബർസൗമ്മാ | **12**<br>• ബൈബിൾ ക്ലാസ്സ് | **13** | **14**<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| **15**<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | **16**<br>• സെന്റ് അപ്രേം | **17**<br>• സെന്റ് ഇഗ്നാത്തിയോസ് | **18**<br>• സെന്റ് ജോൺസ് | **19**<br>• ബൈബിൾ ക്ലാസ് | **20** | **21**<br>• ധ്യാനയോഗം<br>10 മുതൽ 12.30<br>ബഥാനിയ<br>• മാർ സ്തേഫാനോസ് |
| **22**<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | **23**<br>• മോർ<br>പോളിക്കാർപ്പസ് | **24**<br>• മാർ<br>ഗ്രിഗോറിയോസ് | **25**<br>• സെന്റ് പീറ്റേഴ്സ് | **26**<br>• ബൈബിൾ ക്ലാസ് | **27** | **28**<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• ബെത്സെദ |
| **29** | **30** | **31** | | | | |



### 5-ാം ചരമവാർഷികം
### (30.06.2012)



## ഉലഹന്നാൻ
### നെടുംമ്പാൽ, വെൺമണി

സന്തപ്തകുടുംബാംഗങ്ങൾ

# വിജ്ഞാനകൗതുകം

**ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ**

1. *"കണ്ടാലും ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അകത്ത് പ്രവേശിക്കും........." കർത്താവ് തന്റെ ഏതു ശിഷ്യൻ വഴിയായിട്ടാണ് നമുക്ക് ഈ വാഗ്ദാനം നൽകുന്നത്?*

   A) പത്രോസ് ശ്ലീഹ  B) യാക്കോബ് ശ്ലീഹാ  C) യോഹന്നാൻ ശ്ലീഹ

2. *"സ്തൗമെൻ കാലോസ്" ഈ പദം ഏതു ഭാഷയിൽ നിന്നാണ് വരുന്നത്?*

   A) ഗ്രീക്ക്  B) ഹീബ്രു  C) സുറിയാനി

3. *"അനുതപിക്കുന്ന പാപിയെ ചൊല്ലി സ്വർഗ്ഗം സന്തോഷിക്കുന്നു" എന്ന് വ്യക്തമാക്കുവാൻ കർത്താവ് പറഞ്ഞ ഉപമ ഏത്?*

   A) നല്ല ശമര്യക്കാരൻ  B) കാണാതെ പോയ നാണയം  C) ധനവാനും ലാസറും

4. *"ശ്ലീഹാ" എന്ന പദത്തിന്റെ അർത്ഥമെന്ത്?*

   A) പ്രസംഗകൻ  B) അഭിഷിക്തൻ  C) അയയ്ക്കപ്പെട്ടവൻ

5. *"കഷ്ടതകൾ നന്മയ്ക്കായി രൂപാന്തരപ്പെടുന്നു" എന്ന ആശയം ആരുടെ ജീവിതത്തിലാണ് നാം കാണുന്നത്?*

   A) മോശ  B) ഈയ്യോബ്  C) അബ്രഹാം

6. *"അവന്റെ മാളികമുറിയുടെ ജനൽ യരുശലേമിനു നേരെ തുറന്നിരുന്നു." ആരുടെ?*

   A) ദാനിയേലിന്റെ  B) ദാവീദിന്റെ  C) ശലോമോന്റെ

7. *വി. പൗലോസിന്റെ ലേഖനങ്ങളിൽ ഏത് ലേഖനമാണ് കാരാഗ്രഹത്തിൽ നിന്നും എഴുതപ്പെട്ടത്?*

   A) ഗലാത്യർ  B) റോമർ  C) എഫേസ്യർ

8. *"ദാനധർമ്മത്തിനായി നിശ്ചയിച്ച് നിന്റെ ഭണ്ഡാഗാരം വയ്ക്കുക, സർവ്വ അനർത്ഥത്തിൽ നിന്നും നിന്നെ അത് രക്ഷിച്ചു കൊള്ളും" ആരാണ് നമുക്ക് ഈ ഉപദേശം നൽകുന്നത്?*

   A) ബാർആസീറോ  B) ശലോമോൻ  C) പൗലോസ് ശ്ലീഹ

9. *"യിസ്രായേൽ" എന്ന മറുനാമത്തിൽ പിന്നീട് അറിയപ്പെട്ട പിതാവ്?*

   A) അബ്രാഹം  B) യാക്കോബ്  C) ഇസഹാക്ക്

**ഏപ്രിൽ മാസത്തെ ശരിയുത്തരങ്ങൾ: 1 (സി) 2 (ബി) 3 (ബി) 4 (എ) 5 (സി) 6 (എ) 7 (ബി) 8 (സി) 9 (എ)**
**ശരി ഉത്തരം തന്നവരുടെ പേരുകൾ യൂത്ത് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

*ഇവിടെ മുറിക്കുക*

| | | |
|---|---|---|
| 1. A ☐ B ☐ C ☐ | 2. A ☐ B ☐ C ☐ | 3. A ☐ B ☐ C ☐ |
| 4. A ☐ B ☐ C ☐ | 5. A ☐ B ☐ C ☐ | 6. A ☐ B ☐ C ☐ |
| 7. A ☐ B ☐ C ☐ | 8. A ☐ B ☐ C ☐ | 9. A ☐ B ☐ C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.06.2012.

പേര് ..............................................................
വിലാസം ..........................................................
..............................................................
..............................................................
ഫോൺ ............................................................
കുടുംബയൂണിറ്റ് ................................................

100% പരിശുദ്ധ കരിങ്ങാച്ചിറ കത്തീഡ്രലിന്റെ ഉടമസ്ഥതയിൽ സ്ഥാപിതമായ ഈ വിദ്യാലയം 60-ാം പിറന്നാളിലേക്ക് കടക്കുകയാണ്. തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമാണിത്. ആയിരത്തോളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഒരേപോലെ പ്രവർത്തിച്ചുവരുന്നു.

വർഷങ്ങളായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയമാണു സ്കൂളിനുള്ളത്. ഈ വർഷം 188 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരുന്നത്.

വിദ്യാരംഗം, ശാസ്ത്ര പ്രദർശനം, യുവജനോത്സവം, കായികമേള തുടങ്ങിയ മത്സര ഇനങ്ങളിൽ ജില്ലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ നമ്മുടെ സ്കൂളിനു സാധിച്ചിട്ടുണ്ട്. ആലുവ ജില്ലാ കായിക മേളയിൽ തുടർച്ചയായി രണ്ടു വർഷം വ്യക്തിഗത ചാംപ്യനായതു നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനി ഹരിത ശശിയാണ്.

പഠന, പാഠ്യേതര മികവിനു ജില്ലാ പഞ്ചായത്തിന്റേയും എം.എൽ.എയുടെയും ബ്ലോക്ക് പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റേയും മറ്റു സ്ഥാപനങ്ങളുടേയും പ്രത്യേക പുരസ്കാരങ്ങൾ നമ്മുടെ സ്കൂളിന് വർഷങ്ങളായി ലഭിക്കുന്നു എന്നത് അഭിമാനാർഹമാണ്.

കുട്ടികളുടെ പഠനപുരോഗതി ലക്ഷ്യമാക്കി വിവിധ എൻഡോവ്മെന്റുകളും അവാർഡുകളും സ്കൂളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സുസജ്ജമായ ലൈബ്രറിയും ആധുനിക സൗകര്യങ്ങളുള്ള സയൻസ്, കംപ്യൂട്ടർ ലാബും കുട്ടികളുടെ പഠനത്തെ സഹായിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഐടി ലാബും സിഡി ലൈബ്രറിയും ജില്ലയിലെ തന്നെ ഏറ്റവും മികച്ച ഒന്നാണ്. ശ്രീ. എൻ.സി. ശ്രീകുമാറാണ് ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ. 32 അധ്യാപകരും 5 അനധ്യാപകരുമടങ്ങുന്ന കഴിവുറ്റ ഒരു ശൃംഖലയാണ് സ്കൂളിനുള്ളത്. കൂടാതെ മെഡിക്കൽ ക്യാംപുകൾ, പഠനക്യാംപുകൾ എന്നിവയും കത്തീഡ്രലിൽ നിന്നും ചെയ്തുവരുന്നു. കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിർധനരായ വിദ്യാർത്ഥികൾക്കു യൂണിഫോമുകളും നൽകി വരുന്നു.

ഇടവകയിൽ നിന്നും ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും സമ്മാനങ്ങളും നൽകി വരുന്നു.

അഞ്ച് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. (ഇംഗ്ലീഷ്, മലയാളം)




Chief Editor: Varghese Raju Mob: 8547903252, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356